## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

അടിയന്തര ചോദ്യം നം.1 — 04-04-2018 ൽ മറുപടിയ്ക്ക്

### ഹജ്ജ് ക്യാമ്പ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ടി. എ. റഹീം** | **ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെ നടത്തേണ്ടി വരുമെന്ന കാര്യം തീരുമാനമായിട്ടുണ്ടോ; | എ) ഈ വർഷവും ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിൽ തന്നെയാണ്. |
| ബി) ഇവിടെ പ്രസ്തുത ക്യാമ്പ് നടത്താൻ ഉപയോഗിച്ചിരുന്ന വിമാന മെയിന്റനൻസ് സെന്റർ (ഹാംഗർ) ഇപ്രാവശ്യം ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) & (സി) കഴിഞ്ഞ വർഷങ്ങളിൽ ക്യാമ്പ് നടത്തിയ വിമാന മെയിന്റനൻസ് ഹാംഗർ ഈ പ്രാവശ്യം ലഭ്യമല്ല എന്നാണ് അറിയുന്നത്. ഹാംഗറിനു പകരം സിയാലിന്റെ അക്കാദമിയിൽ ഹാജിമാർക്കുള്ള താമസ സൗകര്യവും ആയതിനോട് ചേർന്ന് ശൗചാലയം, കാന്റീൻ, താൽക്കാലികമായി പന്തൽ സൗകര്യങ്ങൾ എന്നിവയോടുകൂടിയ ഹജ്ജ് ക്യാമ്പും, ഗതാഗത തടസ്സം സൃഷ്ടിക്കാതെ ക്രമീകരിക്കാമെന്ന് ഹജ്ജ് കമ്മിറ്റി ചെയർമാനും, 'സിയാൽ എം.ഡി.യുമായുള്ള കൂടിക്കാഴ്ചയിൽ ധാരണയായിട്ടുള്ളതും, ടി വിവരത്തിന് സിയാലിന് കത്ത് നൽകിയിട്ടുള്ളതുമാണ്. |
| സി) ഗതാഗത തടസ്സം സൃഷ്ടിക്കാതെ ഈ വർഷത്തെ ഹജ്ജ് ക്യാമ്പ് എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | |

Avilan

സെക്ഷൻ ഓഫീസർ